**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1218** **30-06-2026-ൽ മറുപടിയ്ക്ക്**

## കൃഷി ഭൂമി വ്യതിയാനം

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** 2026 വരെ എത്ര ഹെക്ടർ കൃഷി ഭൂമിയാണ് സംസ്ഥാനത്ത് തരിശു രഹിതമാക്കാൻ കഴിഞ്ഞതെന്ന് അറിയിക്കാമോ ;

**മറുപടി:** 2026 വരെ സംസ്ഥാനത്ത് ആകെ **11455.02 ഹെക്ടർ** ഭൂമി തരിശുരഹിതമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

**(ബി)** സംസ്ഥാനത്ത് എത്ര ഹെക്ടർ കൃഷി ഭൂമിയാണ് നിലവിൽ ഉള്ളതെന്നും നിലവിലുള്ള കൃഷി ഭൂമിയുടെ വിസ്തീർണ്ണം കുറയാതിരിക്കാനാവശ്യമായ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കാമോ;

**മറുപടി:** സംസ്ഥാനത്ത് നിലവിൽ **1741096.22** ഹെക്ടർ കൃഷി ഭൂമിയാണ് ഉള്ളത്. നിലവിലുള്ള കൃഷി ഭൂമിയുടെ വിസ്തീർണ്ണം കുറയാതിരിക്കാനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

കൃഷി ഭൂമി വ്യതിയാനം വരുത്തുന്നത് കേരള നെൽവയൽ നീർത്തട സംരക്ഷണ നിയമം നടപ്പിലാക്കുന്നത് മൂലം തടയുന്നു.

ജനകീയാസൂത്രണം പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പച്ചക്കറി കൃഷി, തെങ്ങു വിളകൾ,വാഴക്കൃഷി, ഇടവിളക്കൃഷി, ഫലവൃക്ഷ കൃഷി, പൂകൃഷി എന്നീ കൃഷിമുറകൾ ചെയ്ത കൃഷി ഭൂമിയുടെ വിസ്തീർണം കുറയാതെ സംരക്ഷിക്കുന്നു.

കൃഷി സ്ഥലത്തിന്റെ വിസ്തൃതി കുറയാതിരിക്കാൻ കർഷകർക്ക് പച്ചക്കറി വിത്തുകൾ, നെൽവിത്തുകൾ, തൈകൾ, മറ്റ് കാർഷിക ഉത്പാദനോപാധികൾ തുടങ്ങിയവ വിതരണം ചെയ്യുന്നു.

തരിശുകൃഷി ചെയ്യുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്നു.

കാർഷിക വിപണി സൃഷ്ടിച്ച് വില പിടിച്ച് നിർത്തുന്നു.

ആത്മ പദ്ധതിയിലൂടെ നടപ്പിലാക്കുന്ന നൂതന ടെക്നോളജി demonstration നുകളും സമയ ബന്ധിതമായ കൃഷി വിജ്ഞാന വ്യാപനകേന്ദ്രം വഴി നടപ്പാക്കുന്ന കീട രോഗ നിയന്ത്രണ സഹായ മാർഗ്ഗങ്ങളും കാർഷികവൃത്തിക്ക് പ്രോത്സാഹനവും കൃഷി ഭൂമിയുടെ വിസ്തൃതി നിലനിർത്തുന്നതിനും സഹായകമാകുന്നു.

സ്ഥല പരിമിതി ഉള്ള കർഷകർക്ക് മട്ടുപ്പാവ് കൃഷി വികസനം പദ്ധതിയിലൂടെ കൂടുതൽ ഫണ്ട് ഉപയോഗിച്ച് കൃഷിക്കാവശ്യമായ നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നു.

കർഷകരെ സമയബന്ധിതമായി വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമാക്കുന്നതിലൂടെ വിവിധ കാരണങ്ങൾ കൊണ്ട് വിള നാശം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനാൽ കർഷകർ നിലവിലുള്ള ഭൂമിയിൽ കൃഷി തുടർന്നു വരുന്നു.

കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയും അതിലൂടെ കൃഷിയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കാനും സാധിച്ചിട്ടുണ്ട്.

സ്കൂൾ തലത്തിൽ പച്ചക്കറി കൃഷി ചെയ്യാൻ ആനുകൂല്യങ്ങൾ നൽകുകയും വിദ്യാര്ത്ഥികൾക്ക് കാർഷിക അവബോധ ക്ലാസുകൾ നൽകുകയും ചെയ്തുവരുന്നു.

കാർഷിക യന്ത്രവൽക്കരണ പദ്ധതിയിൽ കാർഷിക ഉപകരണങ്ങൾ 50% സബ്സിഡിയിൽ നൽകുന്നു.

വന്യമൃഗശല്യം മൂലമുള്ള കൃഷിനാശം ലഘൂകരിക്കുന്നതിനായി ഫോറസ്റ്റ് അതിർത്തികളിൽ സോളാർ ഫെൻസിംഗ് സ്ഥാപിച്ചു വരുന്നുണ്ട്.

കർഷകരുടെ ഉത്പന്നങ്ങൾക്ക് അടിസ്ഥാനവില ലഭ്യമാക്കുന്നതിനായി താങ്ങുവില പദ്ധതിയും കാർഷിക ഉത്പന്നങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികളും നടത്തിവരുന്നു.

കൃഷിഭൂമി സംരക്ഷിക്കുന്ന കർഷകർക്ക് സർക്കാർ തലത്തിൽ സബ്സിഡികളും റോയൽറ്റികളും നൽകുന്നുണ്ട്. കർഷകരെ കൃഷിയിലേയക്ക് ആകർഷിക്കുന്ന തരത്തിൽ ബോധവൽക്കരണം നടത്തുന്നതിനായി കൃഷിഭവൻ തലത്തിൽ സെമിനാറുകളും മീറ്റിംഗുകളും സംഘടിപ്പിക്കാറുണ്ട്.

കൂലിച്ചെലവ് കൂടിയതു നെൽകൃഷി കുറയാൻ ഒരു കാരണമാണ് നെൽകൃഷി കൂലിച്ചെലവ് സബ്സിഡി ജനകീയാസൂത്രണം പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നുണ്ട് .ഗ്രാമ /ബ്ലോക്ക് /ജില്ലാ വിഹിതം ഇതിനായി മാറ്റി വെക്കുന്നുണ്ട്.

**(സി)** കൃഷി ഭൂമി വ്യതിയാനം വരുത്തി മറ്റ് ആവശ്യങ്ങൾക്കായി ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ ; ഉണ്ടെങ്കിൽ എത്ര ഹെക്ടർ കൃഷി ഭൂമി വ്യതിയാനം വരുത്തി എന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ ലഭ്യമായ കണക്കുകൾ പ്രകാരം സംസ്ഥാനത്താകെ **3067.68 ഹെക്ടർ** കൃഷിഭൂമി ഭവന നിർമ്മാണം, വ്യവസായ ആവശ്യങ്ങൾ, അന്താരാഷ്ട്ര തുറമുഖ നിർമ്മാണം തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി വ്യതിയാനം വരുത്തിയിട്ടുണ്ട്.

**(ഡി)** കൃഷി ഭൂമി വ്യതിയാനം വരുത്തുന്നത് തടയാൻ നിലവിലെ നിയമങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ആലോചനയുണ്ടോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കേരളത്തിൽ കൃഷിഭൂമി (നെൽവയലുകളും, തണ്ണീർത്തടങ്ങളും) വ്യതിയാനം വരുത്തുന്നത് തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി വിജ്ഞാപന No. 1966/Leg.A1/2007/Law പ്രകാരം 2008 ആഗസ്റ്റ് 12-ന് വിജ്ഞാപനം ചെയ്ത 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം, വിജ്ഞാപന നമ്പർ No. 26798/Leg.B2/2017/Law (തീയതി: 06.07.2018) പ്രകാരമുള്ള 2018-ലെ ഭേദഗതി നിയമവും

നിലനിൽക്കുന്നു. ഈ നിയമത്തിലൂടെ, കൃഷിഭൂമി ദുരുപയോഗം ചെയ്യുന്നത് തടയാൻ ആലോചനകളും നടപടികൾ കൂടുതൽ കർശനമാക്കാൻ സർക്കാർ നിരന്തരം ഭേദഗതികളും വരുത്താറുണ്ട്.

**(ഇ)** കാർഷിക മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാരിന്റെ ആലോചനയിൽ ഉള്ളതെന്ന് വിശദമാക്കാമോ?

**മറുപടി:** കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർദ്ധനവ് എന്നിവ ശക്തിപ്പെടുത്തുന്നതിനായി കൃഷി വകുപ്പിന് കീഴിലുള്ള വിവിധ ഏജൻസികളായ കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (Horticorp), വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ (VFPCK) എന്നിവ മുഖേന കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു.

ഹോർട്ടികോർപ്പ് മുഖേന കർഷകരിൽ നിന്നും പച്ചക്കറികൾ നേരിട്ട് സംഭരിച്ച് ന്യായവിലയ്ക്ക് വിപണനം നടത്തുന്നതിനായി വിവിധ വിപണി ശൃംഖലകളും വില നിയന്ത്രണ ഇടപെടലുകളും നടപ്പിലാക്കുന്നു. ഹോർട്ടികോർപ്പിന് സംസ്ഥാനത്ത് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 78 സ്വന്തം സ്റ്റാളുകളും 192 ലൈസൻസി സ്റ്റോറുകളും ഉണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന ഹോർട്ടികോർപ് ഔട്ട്‌ലെറ്റുകൾ, മൊബൈൽ വിപണന സംവിധാനങ്ങൾ, ഉത്സവകാല വിപണി ഇടപെടലുകൾ എന്നിവ വഴി ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള കാർഷിക ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നു.

വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK) കർഷക സംഘങ്ങളെ ശക്തിപ്പെടുത്തി കർഷകരും ഉപഭോക്താക്കളും തമ്മിലുള്ള നേരിട്ടുള്ള വിപണന ബന്ധം ഉറപ്പാക്കുന്നതിനായി സ്വാശ്രയ കർഷക വിപണികൾ, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള വിപണന സംവിധാനങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്നു. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 295 സ്വാശ്രയകർഷക സമിതികളാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളത്തിനു കീഴിൽ പ്രവർത്തിച്ചു വരുന്നത്. കൂടാതെ, പഴം-പച്ചക്കറികളും അവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി നേരിട്ട് ഉപഭോക്താവിലേയ്ക്ക് എത്തിക്കുന്നതിന് 'സസ്യ' എന്ന പേരിൽ 47 ഉം തളിർ ഗ്രീൻ എന്ന പേരിൽ 63 ഉം ചില്ലറ വിൽപ്പനശാലകളും, 2 തളിർ പ്രീമിയം ഔട്ട് ലെറ്റുകളും വി.എഫ്.പി.സി.കെ യുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു .

കൂടാതെ, കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ താഴെപ്പറയുന്ന വിപണി സംവിധാനങ്ങൾ ശക്തിപ്പെടുത്തി വരുന്നു:

- ഇക്കോഷോപ്പുകൾ (Eco Shops - 521) : കർഷക കൂട്ടായ്മകളിൽ നിന്ന് നേരിട്ട് കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് പ്രാദേശിക തലത്തിൽ വിപണനം നടത്തുന്നതിനുള്ള സംവിധാനം.
- മൊത്തവ്യാപാര ഗ്രാമീണ/നഗര വിപണികൾ (Wholesale Rural / Urban Markets - 6 ): ഉൽപ്പന്നങ്ങളുടെ കേന്ദ്രീകൃത സംഭരണവും വിപണനവും ഉറപ്പാക്കി കർഷകർക്ക് മെച്ചപ്പെട്ട വിപണി ലഭ്യമാക്കുന്നതിനുള്ള സംവിധാനം.
- എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ (A Grade Cluster Markets - 287 ): കർഷക കൂട്ടായ്മകളുടെ ഉൽപ്പന്നങ്ങൾ ശേഖരിച്ച് ഗുണനിലവാര മാനദണ്ഡങ്ങൾ പാലിച്ച് വിപണനം നടത്തുന്നതിനുള്ള സംവിധാനം.
- ആഴ്ചച്ചന്തകൾ (Weekly Markets -979 ): പ്രാദേശിക കർഷകരിൽ നിന്നും നേരിട്ട് ഉൽപ്പന്നങ്ങൾ വാങ്ങി ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനുള്ള വിപണി സംവിധാനം.

- ഗ്രാമീണ, നഗര സ്ട്രീറ്റ് മാർക്കറ്റുകൾ (Rural and Urban Street Markets – 60) : കർഷകർക്ക് പ്രാദേശിക വിപണിയിൽ നേരിട്ട് വിൽപ്പന നടത്തുന്നതിനുള്ള സൗകര്യം.
- കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ (Kerala Agro Branded Shops – 15) : കർഷകരുടെയും കർഷക ഉൽപ്പാദക സംഘടനകളുടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിംഗ് നൽകി വിപണി ലഭ്യമാക്കുന്നതിനുള്ള സംവിധാനം.

കർഷക ഉൽപ്പാദക സംഘടനകൾ (FPOs), സഹകരണ സ്ഥാപനങ്ങൾ, കാർഷിക സംരംഭകർ എന്നിവയെ പ്രോത്സാഹിപ്പിച്ചും സംഭരണ-സംസ്കരണ-മൂല്യവർദ്ധന സൗകര്യങ്ങൾ വർധിപ്പിച്ചും വിപണി ശൃംഖലകൾ കൂടുതൽ കാര്യക്ഷമമാ ക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു.

ഇത്തരത്തിലുള്ള നേരിട്ടുള്ള വിപണന സംവിധാനങ്ങളിലൂടെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭ്യമാക്കുകയും ഉപഭോക്താക്കൾക്ക് ന്യായമായ വിലയിൽ ഗുണമേന്മയുള്ള കാർഷിക ഉൽപ്പന്നങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നതോടൊപ്പം ഇടനിലക്കാരുടെ അനാവശ്യ ഇടപെടൽ കുറയ്ക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു

**സെക്ഷൻ ഓഫീസർ**